

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഓച്ചിറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ .കെ എൽ എം –പി.8/2204/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.–691001
തീയ്യതി: 09/12/2024
ഇ–മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474–2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓച്ചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2023–2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം–വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2023–2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്–പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്–പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ .കെ എൽ എം –പി.8/2204/24 തീയ്യതി: 09/12/2024

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2023–2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം–വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2023–2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03–12–2023 മുതൽ 21–11–2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01–04–2023 മുതൽ 30–10–2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30–11–2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സജികുമാർ.ജി	ഡെപ്യൂട്ടി ഡയറക്ടർ	22-11-2024	30-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-11-2024	30-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അജ്മൽ എ.എസ്,ഓഡിറ്റ് ഓഫീസർ

ശ്രീമതി ശ്രീജ എസ്.,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി ദിവ്യ ജെ.,സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജയകൃഷ്ണൻ എം.കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ബി.ശ്രീദേവി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. ജി.രാധാകൃഷ്ണൻ	സെക്രട്ടറി	01-04-2023	31-05-2023
ശ്രീ. രാജൻ.കെ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-06-2023	19-07-2023
ശ്രീ.ശ്രീരാജ്.ആർ	സെക്രട്ടറി	20-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ. രമ. എസ്	ചീഫ് വെറ്ററിനറി ഓഫീസർ	01-04-2023	31-03-2024
ശ്രീ.സജീവ് സി.	അസി.സെക്രട്ടറി	01-04-2023	31-05-2023
ശ്രീ. രാജൻ.കെ	അസി.സെക്രട്ടറി	01-06-2023	18-07-2023
ശ്രീമതി വത്സല കെ	അസി.സെക്രട്ടറി	19-07-2023	31-03-2024
ശ്രീമതി ശീതൾ ശിവൻകുട്ടി	കൃഷി ഓഫീസർ	01-04-2023	19-06-2023
ശ്രീമതി അജ്മി എച്ച്	കൃഷി ഓഫീസർ ഇൻ ചാർജ്	20-06-2023	23-09-2023
ശ്രീമതി ശീതൾ ശിവൻകുട്ടി	കൃഷി ഓഫീസർ	24-09-2023	26-03-2024
ശ്രീമതി പ്രീതാകുമാരി ബി	കൃഷി ഓഫീസർ	27-03-2024	31-03-2024
ശ്രീമതി അനീഷ്യ എസ്	വി.ഇ.ഒ.	01-04-2023	24-09-2023
ശ്രീമതി ശില്പ ഭദ്രൻ	വി.ഇ.ഒ.	25-09-2023	31-03-2024
ഡോ.ബീന	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)	01-04-2023	09-07-2023
ഡോ.ബിനോയി ഡി രാജ്	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)	10-07-2023	31-03-2024

ഡോ.രശ്മി എസ്.രാജ്	മെഡിക്കൽ ഓഫീസർ (ആയൂർ)	01-04-2023	31-03-2024
ഡോ.സുബിമോൾ കെ.ബി.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	31-03-2024
ശ്രീമതി നീതു യു.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ.കെ.ജയകുമാർ	അസ്സി.എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി അമൃത	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീ.സന്തോഷ്കുമാർ	ഹെഡ്മാസ്റ്റർ	01-04-2023	02-06-2023
ശ്രീമതി ഹരീസ പി	ഹെഡ്മിസ്ട്രസ്	03-06-2023	31-03-2024
ശ്രീമതി ശാന്തി ആർ	വി.ഇ.ഒ.	01-04-2023	01-12-2023
ശ്രീമതി ശില്പ ഭദ്രൻ	വി.ഇ.ഒ. ഇൻചാർജ്	02-12-2023	19-01-2024
ശ്രീമതി ഷീജ എൻ	വി.ഇ.ഒ.	20-01-2024	31-03-2024
ശ്രീ അഷ്ഹർ സലാം	അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ	1-1-3
5	ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുകയും വാർഷിക ധനകാര്യപത്രികയിലെ ബന്ധപ്പെട്ട ഹെഡിൽ (RP5) ഉൾപെടുത്തിയിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-4
6	Contractors' Retention, Auction Deposit രജിസ്റ്ററിലെ തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-5
7	സെൻട്രൽ ഫിനാൻസ് കമ്മീഷൻ അവാർഡ് ഗ്രാന്റുകൾക്കായുള്ള ബാങ്ക് ബുക്കിലെ ബാലൻസും B4 ഷെഡ്യൂളിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-6
8	സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല	1-1-7
9	തുക ബാദ്ധ്യതാ ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഗ്രാന്റ്/ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമപദ്ധതികൾ	1-7
16	ക്യാഷ് പരിശോധന	1-8
17	ആഭ്യന്തരനിയന്ത്രണം	1-9
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-11
20	തൊഴിൽ നികുതി ഈടാക്കുന്നില്ല	1-12
21	വസ്തു നികുതി നിർണയിച്ചതിൽ കുറവ്	1-13
22	വസ്തു നികുതി പരിഷ്കരണം പൂർത്തിയായില്ല	1-14
23	പത്രപരസ്യത്തിന്റെ ചെലവുകളിൽ നിന്നും അർഹമായ	1-15

	ഡിസ്കൗണ്ട് ലഭിക്കുന്നില്ല	
24	തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്	1-16
25	വക്കീൽ ഫീസ്-ആദായ നികുതി റ്റി.ഡി.എസ്. ഈടാക്കുന്നില്ല	1-17
26	സർക്കാർ മാർഗനിർദേശം പാലിക്കാതെ ഉപകരണങ്ങൾ വാങ്ങി	1-18
27	ഡിപ്പോസിറ്റ് വർക്ക് പൂർത്തിയാക്കിയില്ല.	1-19
28	ലൈഫ് ഭവന നിർമ്മാണം -ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല	1-20
29	പദ്ധതി പ്രകാരം തുക ചെലവഴിച്ചെങ്കിലും ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമായില്ല	1-21
30	ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല	1-22
31	അങ്കണവാടികൾക്ക് കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നില്ല	1-23
32	വൈദ്യുതി പോസ്റ്റ് ഷിഫ്റ്റിംഗ് -വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല	1-24
33	ഹരിതകർമ്മസേന അവലോകനം	1-25
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-8
9	ചാർജ് / സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	അനുബന്ധ പത്രികകൾ

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സാക്ഷ്യപത്രം

1. ഓച്ചിറ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31–ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.05.2024 തീയതിയിലെ നം. 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 01.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഓച്ചിറ ഗ്രാമ പഞ്ചായത്തിന്റെ 2023–24 വർഷത്തേയ്ക്കുള്ള ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം.
തീയതി : 09– 12–2024.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1–1–1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

1–1–2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ = 1,27,57,504/-രൂപ. നീക്കിയിരിപ്പും മുന്നിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) = 33,01,329/-രൂപ.

1-1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. Maintenance Non-Road Assets - ACR പ്രകാരം ഉള്ള ചെലവ് 42,76,860/-രൂപ. എന്നാൽ Sulekha And AFS എന്നിവ പ്രകാരമുള്ള ചെലവ് 46,16,975/-രൂപ ആണ്.
2. നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ രജിസ്റ്റർ പ്രകാരം 3,40,000/- രൂപയും വാർഷിക കണക്ക് പ്രകാരം 3,65,000/- രൂപയും ആണ്.

1-1-4 ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുകയും വാർഷിക ധനകാര്യപത്രികയിലെ ബന്ധപ്പെട്ട ഹെഡിൽ (RP5) ഉൾപെടുത്തിയിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

2022-23 ൽ ഇ-ടെണ്ടർ ഫീ ഇനത്തിൽ വരവായി ലഭിച്ച തുക 2,34,769/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിലെ RP5 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നത് 2,37,589/- രൂപയാണ്. വ്യത്യാസം 2,820/- രൂപ.

1-1-5 Contractors' Retention, Auction Deposit രജിസ്റ്ററിലെ തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2023-24 സാമ്പത്തിക വർഷം Contractors Retention, Auction Deposit എന്നിവയുടെ വരവ് ആയി കാണിച്ചിരിക്കുന്ന തുകയും AFS-ലെ RP-33 ഷെഡ്യൂളിൽ വരവായി കാണിച്ചിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

	രജിസ്റ്റർ പ്രകാരം (₹)	AFS പ്രകാരം (₹)
Contractors' Retention	27,051/-	13,163/-
Auction Deposit	4,28,268/-	1,43,813/-

1-1-6 സെൻട്രൽ ഫിനാൻസ് കമ്മീഷൻ അവാർഡ് ഗ്രാന്റുകൾക്കായുള്ള ബാങ്ക് ബുക്കിലെ ബാലൻസും B4 ഷെഡ്യൂളിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വിവിധോദ്ദേശ്യ ഗ്രാന്റുകൾക്കായുള്ള ബാങ്ക് ബുക്കിലെ ബാലൻസും അതിന് തുല്യമായ രീതിയിൽ ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ്	ബാങ്ക് ബുക്ക് നീക്കിയിരിപ്പ്	B4 ഷെഡ്യൂളിലെ നീക്കിയിരിപ്പും
CFC Tied, Untied	11,03,824/-രൂപ	10,91,365/- രൂപ

1-1-7 സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല

സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി രേഖപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ക്ലോസിംഗ് സ്റ്റോക്കിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.

1-1-8 തുക ബാദ്ധ്യതാ ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല

പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കൽ പ്രവൃത്തിക്കായി 2022-23 സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 3,09,682/- രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിരുന്നു. സാമ്പത്തിക വർഷാവസാനം ചെക്ക് നം. 481637/29.4.23 പ്രകാരം 3,09,682/-രൂപ വാട്ടർ അതോറിറ്റി തിരികെ നൽകിയിട്ടുണ്ട്. ആയത് 12.6.2023 ൽ ബാങ്ക് ഓഫ് ഇൻഡ്യ തനത് ഫണ്ട് അക്കൌണ്ടിൽ ക്രഡിറ്റ് വന്നിട്ടുണ്ട്. ഈ തുക ബാദ്ധ്യതാ ശീർഷകത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

1-2 ബജറ്റ്

2023-23 ലെ ബജറ്റ് 04.03.2023 ലെ 1(1) നം. തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 14.02.2024 ലെ 1 (1) നം. തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹3,63,14,907/-
വരവ്	₹7,38,85,095/-
ആകെ	₹11,02,00,002/-

ചെലവ്	₹7,05,83,766/-
നീക്കിയിരിപ്പ്	₹3,96,16,236/-
വരവിനത്തിലുള്ള നഷ്ടം	ഇല്ല
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക/നിരാകരിക്കുന്ന തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹48,443/-

1-4 ഗ്രാന്റ്/ഫണ്ട് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്(₹)	വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസനഫണ്ട് (ജനറൽ)	0	19671000/-	19671000/-	17086482/-	2584518/-
വികസനഫണ്ട് (എസ്.സി.പി)	0	7476900/-	7476900/-	7321851/-	155049/-
സി.എഫ്.സി. ടൈഡ് (ബാങ്ക്)	1663232/-	2443000/-	4106232/-	4359846/-	-253614/-
സി.എഫ്.സി. അൺടൈഡ് (ബാങ്ക്)	930843/-	3344450/-	4275293/-	2930314/-	1344979/-
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	10733350/-	10733350/-	10433713/-	299637/-
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	4732000/-	4732000/-	4616975/-	115025/-
സാക്ഷരത	559/-	9587/-	10146/-	8563/-	1583/-
കേന്ദ്രാവിഷ്കൃത ഗ്രാന്റ്					
MNREGS	0	1121805/-	1121805/-	1117092/-	4713/-
ICDS	3869015/-	2983669/-	6852684/-	1790938/-	5061746/-
ഹെൽത്ത് ഗ്രാന്റ്, വെൽനസ്സ് സെന്റർ KL281	31204/-	407554/-	438758/-	430628/-	8130/-
ഹെൽത്ത് ഗ്രാന്റ്, ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ	46821/-	981620/-	1028441/-	1010806/-	17635/-
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ					
ലൈഫ് സംസ്ഥാന വിഹിതം	1500000/-	8600000/-	10100000/-	9895000/-	205000/-
TSC	652535/-	19671/-	672206/-	240313/-	431893/-
ശുചിത്വ മിഷൻ	115577/-	0	115577/-	0	115577/-
Fund For Transferred Institution- Ayurveda	500000/-	0	500000/-	0	500000/-
Grant From Other Financial Institution	200000/-	0	200000/-	0	200000/-
Grant From Other Government Agency	0	127301/-	127301/-	0	127301/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിൻറെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
181	225456293/-	144	90269445/-	0	37	79.5%

1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
ഭരണചെലവുകൾ	0	11,21,805/-	11,21,805/-	11,17,092/-	4,713/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	4,14,02,000/-	4,14,02,000/-	4,14,02,000/-	0
ആകെ	**0**	**4,25,23,805/-**	**4,25,23,805/-**	**4,25,19,092/-**	**0**

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

ക്ഷേമപദ്ധതികളുടെ പേര്	ചെലവഴിച്ച തുക (₹)
തൊഴിൽരഹിത വേതനം	9,840/-
കർഷകതൊഴിലാളി പെൻഷൻ	35,79,800/-
വിധവാപെൻഷൻ	1,19,31,000/-
വാർദ്ധക്യകാല പെൻഷൻ	2,60,56,800/-
വികലാംഗപെൻഷൻ	41,15,400/-
അവിവാഹിതരായ 50 വയസിന് മുകളിലുള്ള വനിതൾക്കുള്ള പെൻഷൻ	4,84,800/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2024ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,386/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.
നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്ഥിരം സമിതി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും ഐ.എൽ.ജി.എം.എസ്. വഴി രസീത് നൽകിയാണ് സ്വീകരിക്കുന്നത്. പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ ലിസ്റ്റ് ചെയ്ത് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിവിധ സർക്കാർ ഏജൻസികളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ചിരിക്കുന്ന തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു. വസ്തു നികുതി നികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല.
മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ ഇവ കാലികമാക്കേണ്ടതാണ്.
പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനും, യഥാസമയം പൂർത്തീകരിക്കുന്നതിനും ഫലപ്രദമായ മോണിറ്ററിംഗ് അനിവാര്യമാണ്. സ്ഥിരം സമിതികളും, പഞ്ചായത്ത് കമ്മിറ്റിയും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കടമകളും, ഉത്തരവാദിത്വങ്ങളും നിറവേറ്റുവാൻ പര്യാപ്തമായ ആഭ്യന്തര നിയന്ത്രണ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിലനിൽക്കുന്നതായി വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻറെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	20.07.2022 മുതൽ 23.07.2022 വരെ	01.04.2022 മുതൽ 30.06.2022 വരെ	ലഭിച്ചില്ല

അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	01.11.2019	2018–19	06.01.2020

1–11 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 1ൽ 1493മത് ആയി റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപെടുത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടർ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും 22.02.2019 ൽ നൽകിയ (സി.എസ്.)എ 9–764/2019 നമ്പർ കത്തിൽ ഇത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയതുമാണ്. ഓച്ചിറ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 16 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. റേഷൻ കട വ്യാപാരികളുടെ സംഘടന എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് എടുക്കാതിരിക്കുന്നതെന്നും, പൊതു വിതരണ സമ്പ്രദായത്തെ ബാധിക്കുമെന്നതിനാൽ പഞ്ചായത്ത് കമ്മിറ്റിയിൽ ആലോചിച്ച ശേഷം ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് കമ്മിറ്റി കൂടി തീരുമാനിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2. ശ്രീ. അൻവർഷായുടെ Petroleum And Explosives Safety Organization (PESO) നൽകിയ ലൈസൻസ് 31.12.2023–ൽ അവസാനിച്ചതാണ്. ലൈസൻസ് പുതുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. കേരള പഞ്ചായത്ത് രാജ് സെക്ഷൻ 233 (4) എ പ്രകാരം, ഫാക്ടറിയോ, വർക്ക് ഷോപ്പോ 1948 ലെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ വരുന്നതാണെങ്കിൽ, പ്ലാന്റിൽ വെന്റിലേഷൻ, വെളിച്ചം ഇവയുടെ പര്യാപ്തതയും മുറികളുടെയും കതകുകളുടെയും ഉയരവും വലിപ്പവും ആവശ്യത്തിനുണ്ടോ എന്നും തീപിടിത്തമുണ്ടായാൽ പുറത്തേക്ക് കടക്കാനുള്ള മാർഗ്ഗങ്ങളുടെ അനുയോജ്യതയും നിർണ്ണയിക്കപ്പെടാവുന്ന മറ്റ് സംഗതികളും സംബന്ധിച്ച് 1948–ലെ ഫാക്ടറീസ് ആക്ടിൻ കീഴിൽ നിയമിച്ച ഫാക്ടറീസ് ഇൻസ്പെകടുടെയോ അല്ലെങ്കിൽ ആ പ്രദേശത്ത് ആധികാരികതയുള്ള ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറിൽ താഴെയല്ലാത്ത വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥന്റെയോ റിപ്പോർട്ട് അപേക്ഷയോടോപ്പം ഉള്ളടക്കം ചെയ്തിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓച്ചിറ പഞ്ചായത്തിൽ PVC നിർമ്മാണ യൂണിറ്റ് നടത്തുന്നതിനായി ശ്രീമതി. ഹസീന ബീവി (2/1698) സമർപ്പിച്ച അപേക്ഷയോടൊപ്പം ടി റിപ്പോർട്ട് ഉള്ളടക്കം ചെയ്തിട്ടില്ല. ടി റിപ്പോർട്ട് ഹാജരാക്കുന്നതിനായി നോട്ടീസ് നൽകി തുടർനടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റിപ്പോർട്ട് ഹാജരാക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. 17/30.11.2024

1–12 തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ റേഷൻ വ്യാപാരികൾ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, എന്നിവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ബന്ധപ്പെട്ട വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻകയറിയ്ക്ക് റേഷൻ വ്യാപാരികൾ തൊഴിൽനികുതി ഒടുക്കു വരുത്തുന്നതിൽ നിന്നും ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് നേടിയിട്ടുണ്ടെന്നും കരാറുകാർ, സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും മറുപടി നൽകി.

ഓഡിറ്റ് എൻകയറി നം– 11/29.11.2024.

1–13 വസ്തു നികുതി നിർണയിച്ചതിൽ കുറവ്

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കോൺക്രീറ്റ് മേൽക്കൂര ഉള്ള കെട്ടിടത്തെ കുറഞ്ഞതരം മേൽക്കൂരയിൽ ഉൾപ്പെടുത്തി 10% നികുതി ഇളവ് നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

വാർഡ് നമ്പർ/ കെട്ടിട നമ്പർ	ഉടമയുടെ പേര്	വിസ്തീർണ്ണം (ച.മിറ്റർ)	ഉപയോഗ ക്രമം	നിരക്ക് (ച.മീറ്റർ)	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി	കുറഞ്ഞതരം മേൽക്കൂരയിൽ ഉൾപ്പെടുത്തി 10% നികുതി ഇളവ് നൽകിയതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായ തുക
2/1868	ഇസഹാക്ക്, അഷറഫ്	936.52	വാണിജ്യം	100	₹93,652/–	₹9,365/–

അപാകതയിൻമേൽ വിശദീകരണം ആവശ്യപ്പെട്ട എൻകയറിയ്ക്ക് ക്രമപ്രകാരമുള്ള വസ്തുനികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. 20/30.11.24.

1-14 വസ്തു നികുതി പരിഷ്കരണം പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ, അസസ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, എന്നിവ കണ്ടെത്തേണ്ടതും അത്തരം മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിലെ 9 വാർഡുകളിലെ 7597 കെട്ടിടങ്ങളുടെ സർവ്വേ നടത്തി ഡേറ്റാ കളക്ഷൻ പൂർത്തിയാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയറിൽ അപ്ഡേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ, ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ബാക്കിയുള്ള 9 വാർഡുകളിലെ വിവര ശേഖരണം നടന്നുവരുന്നു. പഞ്ചായത്തിൽ 9B ഫോറത്തിൽ ആകെ 118 അപേക്ഷകളാണ് സമർപ്പിച്ചിട്ടുള്ളതെങ്കിലും സോഫ്റ്റ്വെയർ അപ്ഡേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ അപ്ഡേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ-9/29.11.24

1-15 പത്രപരസ്യത്തിന്റെ ചെലവുകളിൽ നിന്നും അർഹമായ ഡിസ്കൗണ്ട് ലഭിക്കുന്നില്ല

പ്രോജക്ട് നം	4/24 പദ്ധതി ആസൂത്രണ മോണിറ്ററിംഗ് ചെലവുകൾ
അടങ്കൽ	4,40,000/-രൂപ (വികസനഫണ്ട്, തനത്ഫണ്ട്)
ചെലവ് തുക	4,39,880/-രൂപ (വികസനഫണ്ട്, തനത്ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

സർക്കാർ വകുപ്പുകളും, അനുബന്ധ സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളും പി.ആർ.ഡി. മുഖാന്തിരമോ അല്ലാതെ നേരിട്ടോ പ്രസിദ്ധീകരണത്തിന് നൽകുന്ന എല്ലാ പരസ്യങ്ങൾക്കും 15% ഡിസ്കൗണ്ട് ബാധകമാണെന്ന് 11.10.2021-ലെ സ.ഉ.(അച്ചടി) നമ്പർ 5/21/ഐ&പി.ആർ.ഡി. യുടെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി പത്രപരസ്യത്തിനായി നൽകിയ താഴെപ്പറയുന്ന ബില്ലുകളിൽ നിന്നും ലഭിക്കേണ്ട അർഹമായ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പത്രം	ഇൻവോയിസ് നമ്പർ	ബില്ല് നം	തുക (₹)
കേരളാ കൗമുദി	QLNSCH 168754/2.1.23	32953/27.5.23	6,989/-
ഇൻഡ്യൻ എക്സ്പ്രസ്സ്	KL14065211/2.1.23	32953/27.5.23	4,536/-
ദി ഹിന്ദു	10111689/7.2.23	372646/27.7.23	10,248/-
ഇൻഡ്യൻ എക്സ്പ്രസ്സ്	KL14082626/20.2.24	362/15.3.24	3,780/-

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻകയറിക്ക് (നം. 5/29.11.24) മറുപടിയായി പത്രങ്ങൾ പരസ്യത്തിന് ഡിസ്കൗണ്ട് കഴിച്ചിട്ടുള്ള തുകയാണ് ഈടാക്കുന്നതെന്ന് അറിയിച്ചു. എന്നാൽ ഹാജരാക്കിയ ബില്ലുകളിൽ ഡിസ്കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പത്രപരസ്യങ്ങളുടെ ബില്ലുകളിൽ നിന്നും അർഹമായ ഡിസ്കൗണ്ട് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, ലഭിച്ചിട്ടില്ലാത്ത സാഹചര്യങ്ങളിൽ ഡിസ്കൗണ്ട് ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് ആയത് ലഭ്യമാക്കേണ്ടതുമാണ്.

1-16 തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്

പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കൽ പ്രവൃത്തിക്കായി 2022-23 സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റ് 3,09,682/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിരുന്നു. സാമ്പത്തിക വർഷാവസാനം ചെക്ക് നം. 481637/29.4.23 പ്രകാരം 3,09,682/-രൂപ വാട്ടർ അതോറിറ്റി തിരികെ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ആയത് 12.6.23 ൽ ബാങ്ക് ഓഫ് ഇൻഡ്യ തനത്ഫണ്ട് അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം (പ്രോജക്ട് നം. 163/24) ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കൽ പ്രവൃത്തിക്കായി 3,09,682/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച 09.12.2004 ലെ ജി.ഒ (എം.എസ്) 330/2004/ത.സ്വ.ഭ.വ സർക്കാർ ഉത്തരവിൽ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുവാദം ഇല്ല. 09.04.23 ലെ 90/23/എൽ.എസ്.ജി.ഡി. സർക്കാർ ഉത്തരവിൽ പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ ഉൾപ്പെടെയുള്ള ചെലവുകളെ ഈ ഫണ്ട് വിനിയോഗിച്ചുള്ള ചെലവിന്റെ നെഗറ്റീവ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ എൻകയറിക്ക് മറുപടിയായി (നം. 04/28.11.24) സാമ്പത്തിക വർഷാവസാനം 3,09,682/-രൂപ വാട്ടർ അതോറിറ്റി തിരികെ നൽകിയത് തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വച്ചിരുന്നു എന്നും 2023-24 സാമ്പത്തിക വർഷം ടി പ്രോജക്ട് തനത്ഫണ്ട് ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ടെന്നും തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വച്ചിരുന്ന മെയിന്റനൻസ് ഗ്രാന്റ് സർക്കാരിലേക്ക് തിരികെ അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റ 20.02.23 ലെ ഉത്തരവ് (പി) നം. 16/2023/ഫിൻ പ്രകാരം സംസ്ഥാന ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചതും വിനിയോഗിച്ചിട്ടില്ലാത്തതുമായ തുകകൾ ബന്ധപ്പെട്ട ശീർഷകത്തിലേക്ക് തിരികെ ഒടുക്കണമെന്നും അല്ലാത്തപക്ഷം തുക സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് ഹോൾഡറുടെ ബാധ്യതയായി ആയത് നിജപ്പെടുത്തുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ വിനിയോഗിച്ചിട്ടില്ലാത്ത തുകകൾ തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. 04/28.11.24.

1-17 വക്കീൽ ഫീസ്-ആദായ നികുതി റ്റി.ഡി.എസ്. ഈടാക്കുന്നില്ല

വൗച്ചർ പരിശോധിച്ചതിൽ വക്കീൽ ഫീസിനത്തിൽ ശ്രീ. കെ. പി. സതീശന് 2023-24 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

കേസ് നമ്പർ	വക്കീൽ ഫീസിനത്തിൽ അനുവദിച്ച തുക (രൂപ)
WPC NO-32821/2023	15,000/-(വൗച്ചർ നം. 22300673/19.10.23)
WPC NO-30722/2023	15,000/-(വൗച്ചർ നം. 22300673/19.10.23)
WPC NO-36330/23	15,000/-(ചെക്ക് നം. 081704/14.12.23)

1961 ലെ Income Tax Act Section 194(J) പ്രകാരം വക്കീൽ ഫീസിനത്തിൽ ഒരു വ്യക്തിക്ക് നൽകുന്ന തുക ഒരു വർഷം 30,000/- രൂപയിൽ അധികമാകുകയാണെങ്കിൽ 10% തുക TDS ഈടാക്കേണ്ടതാണ്.

എന്നാൽ TDS ഈടാക്കാതെ മേൽപ്രകാരം മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. തുടർന്നുവരുന്ന ബില്ലുകളിൽ നിന്നും ആദായ നികുതി റ്റി.ഡി.എസ്. ഈടാക്കുന്നതാണെന്ന് എൻകയറിക്ക് (നം. 18/30.11.24) മറുപടിയായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. 18/30.11.24.

1-18 സർക്കാർ മാർഗനിർദേശം പാലിക്കാതെ ഉപകരണങ്ങൾ വാങ്ങി

പദ്ധതി, നം	183/24, ഹെൽത്ത് വെൽനെസ് പ്രവർത്തനങ്ങൾ
അടങ്കൽ തുക	₹4,02,000/- (ഹെൽത്ത് ഗ്രാന്റ്)
ചെലവ് തുക	₹4,01,883/-രൂപ

പദ്ധതി പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. സർക്കാർ അംഗീകൃത റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത ഇനം ടെണ്ടർ നടപടികൾ ഒഴിവാക്കി സിഡ്കോയിൽ നിന്നും വാങ്ങിയിരിക്കുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇനം	ഇൻവോയിസ് നമ്പർ, തീയതി	എണ്ണം	തുക (ജി.എസ്.ടി ഉൾപ്പെടെ) രൂപ
5star Refrigerator, Single Door (Whirlpool/Haier/Equivalent)	KTM/23-24/121,24-1-24	1	20,000/-
		ആകെ	20,000/-

സ്റ്റോർ പർച്ചേസ് (എ) വകുപ്പിന്റെ 2-2-2023 തീയതിയിലെ SPD-A3/55/2022 നമ്പർ സർക്കുലറൻപ്രകാരം സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും ടെൻഡർ ഇളവ് അനുവദിച്ച് നൽകിയിട്ടില്ലാത്ത എല്ലാ ഉല്പന്നങ്ങളും സ്റ്റോർ പർച്ചേസ് മാന്വൽ നിഷ്കർഷിച്ചിരിക്കുന്ന മത്സര സ്വഭാവത്തിലൂടെയുള്ള ക്വട്ടേഷൻ/ടെണ്ടർ ക്രമങ്ങൾക്ക് വിധേയമായി മാത്രമായിരിയ്ക്കണം പൊതുസംഭരണം നടത്തേണ്ടതെന്നും ഇപ്രകാരമല്ലാതെ നടത്തുന്ന എല്ലാ പൊതുസംഭരണങ്ങളും

ക്രമവിരുദ്ധമായി കണക്കാക്കി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്.

സിഡ്കോ ഉൾപ്പന്നങ്ങൾ അല്ലാത്ത ഇനങ്ങൾ ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങുവാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക്, സിഡ്കോ ഉൾപ്പന്നങ്ങൾ അല്ലാത്ത ഇനങ്ങൾ നേരിട്ട് വാങ്ങാൻ കഴിയില്ല എന്ന് അറിയാത്തതുകൊണ്ടാണ് ഇത്തരത്തിൽ വാങ്ങിയത് എന്ന മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും, സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് മാത്രം വാങ്ങൽ നടപടികൾ നടത്തേണ്ടതുമാണ്.

ഓഡിറ്റ് എൻകയറി നമ്പർ-15/30-11-24.

1-19 ഡിപ്പോസിറ്റ് വർക്ക് പൂർത്തിയാക്കിയില്ല.

ധനകാര്യ വകുപ്പിന്റെ 09.03.2023-ലെ സ.ഉ.(കൈ) നം. 38/2023/ധന നമ്പർ ഉത്തരവ് പ്രകാരം ഡിപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ അക്രഡിറ്റഡ് ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുക പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം, ചെലവഴിക്കാത്ത തുക അതാത് സാമ്പത്തിക വർഷം തന്നെ പ്രാദേശിക സർക്കാരുകൾ സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഓച്ചിറ ഗ്രാമപഞ്ചായത്തിൽ നിന്നും ഡെപ്പോസിറ്റ് വർക്കിനായി കേരള വാട്ടർ അതോറിറ്റി (₹2,36,500/-), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (₹19,52,365/-), പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് (₹1,37,000/-) എന്നീ നിർവ്വഹണ ഏജൻസികൾക്ക് വാർഷിക കണക്കുകൾ പ്രകാരം 23,25,865/- രൂപ വിവിധ പ്രവൃത്തികൾക്കായി നൽകിയിട്ടുണ്ട്. ടി തുകകൾ ഏതെല്ലാം പ്രവൃത്തികൾക്ക് ഏത് വർഷം നൽകി എന്നത് സംബന്ധിച്ചും, നൽകിയ തുകകളിൽ വിനിയോഗിച്ചതിന്റെയും, ടി ഏജൻസികളിൽ നിന്നും തിരികെ ലഭിക്കാനുള്ള തുകകൾ എന്നിവയുടെയും വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് മേൽ പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേരള വാട്ടർ അതോറിറ്റി (2017-18 മുതൽ), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (2017-18 മുതൽ), പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് (2021-22 മുതൽ) എന്നീ ഏജൻസികൾ പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് തുടർനടപടികളുടെ അഭാവം കൊണ്ടാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്കായി നൽകിയിട്ടുള്ള തുകകൾ തിരികെ ഈടാക്കി, സർക്കാർ നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി - 03/23.11.2024.

1-20 ലൈഫ് ഭവന നിർമ്മാണം -ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള ലൈഫ് ഭവന നിർമ്മാണം (പട്ടികജാതി), 27/24 പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ള താഴെകൊടുത്തിട്ടുള്ള ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	നൽകിയ തുക/തീയതി
1	ലേഖ, വാളാംകോട് കിഴക്കതിൽ	40,000/-രൂപ, 24.5.23
2.	വാസന്തി, പൂവിശ്ശേരി കിഴക്കതിൽ	40,000/-രൂപ, 21.6.23
3.	പ്രീത, ലക്ഷം വീട്	40,000/-രൂപ, 21.6.23

കെട്ടിട നിർമ്മാണ വിവരങ്ങൾ അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറിക്ക് കെട്ടിട നിർമ്മാണം ആരംഭിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ടി ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവർക്ക് നൽകിയിട്ടുള്ള തുക നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകയറി നം. 7/29-11-24.

1-21 പദ്ധതി പ്രകാരം തുക ചെലവഴിച്ചെങ്കിലും ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമായില്ല

പ്രോജക്ട് - 54/24, ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് പദ്ധതി -വേതനം നൽകൽ.

അടങ്കൽ - 1,50,000/-രൂപ (വികസനഫണ്ട് ജനറൽ)

ചെലവ് – 1,41,015/–രൂപ (ബിൽ നമ്പർ–9/20–11–23)
വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടിൽ ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളിൽ കൃ.ആർ. കോഡ് പതിച്ചതിന് 67 പേർക്ക് വേതനം നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താവിന് തുക നൽകിയിരിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അല്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	നൽകിയ തുക/തീയതി
1	സജിതാ ബീവി	3,090/–രൂപ,

സജിത ബീവിയുടെ അക്കൗണ്ട് നമ്പർ (847110100006554) ആണ് എന്നാൽ തുക നൽകിയിരിക്കുന്നത് (375963534257) എന്ന നമ്പറിലേക്ക് ആണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വെബ് സാംഖ്യയിൽ അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയതിനാൽ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആകാതെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ച് പോയി എന്നും പുതിയ പ്രോജക്ടിൽ തുക വകയിരുത്തി ഗുണഭോക്താവിന് ആനുകൂല്യം നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമാകാത്തതിനാൽ 3,090/–രൂപ തടസ്സത്തിൽ വയ്ക്കുന്നു. പുതിയ പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയതിന്റെയും, ക്രഡിറ്റ് ആകാതെപോയ 3,090/–രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പോയതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക–3,090/–രൂപ.
ഓഡിറ്റ് എൻക്വയറി നമ്പർ–8/29–11–24.

1–22 ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നിർവ്വഹണം നടത്തിയ പദ്ധതികൾ പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട്	പ്രൈഫോർമ ഇൻവോയിസ് നമ്പർ,തീയതി	വൗച്ചർ നമ്പർ,തീയതി	നൽകിയ തുക,സ്ഥാപനം	ലഭിച്ച ഉപകരണങ്ങളുടെ തുക (രൂപ)	ലഭിക്കാനുള്ള ഉപകരണങ്ങളുടെ തുക (രൂപ)
182/24, രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	230/2023–24, 21–2–24	22301067, 7–2–24	49166/–, കെ.എം.എസ്.സി.എൽ	23,010/–	26,156/–
183/24, ഹെൽത്ത് വെൽനെസ്സ് പ്രവർത്തനങ്ങൾ	12194@N/2024/1, 11–01–24	22301043, 2–2–24	119503/–, ഐ.എച്ച്.ഡി.ബി.	1,17,851.5	1,651.5
				ആകെ	27,807.5

ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമാകാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഉപകരണങ്ങൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ലഭ്യമാകാൻ അവശേഷിക്കുന്ന ഉപകരണങ്ങളുടെ വിലയായ 27,808/– രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 27,808/–രൂപ.
ഓഡിറ്റ് എൻക്വയറി നം. –14/30.11.2024.

1–23 അങ്കണവാടികൾക്ക് കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നില്ല

ഓച്ചിറ ഗ്രാമപഞ്ചായത്തിൽ ആകെ 27 അങ്കണവാടികൾ ഉള്ളതിൽ, 21 എണ്ണം സ്വന്തം കെട്ടിടത്തിലും, 5 എണ്ണം വാടക കെട്ടിടത്തിലും ഒരെണ്ണം വാടക രഹിത കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 119–ാം നമ്പർ അങ്കണവാടിക്ക് വസ്തു ലഭിച്ചിട്ടില്ല. 7 അങ്കണവാടികൾക്ക് ചുറ്റുമതിലില്ല. പതിനാലാം പഞ്ചവത്സര പദ്ധതി സ.ഉ(കൈ)നം. 84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 8.8.2 (1), (2) ൽ പദ്ധതിക്കാലയളവിൽ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും എം.ജി.എൻ.ആർ.ഇ.ജി.എസ്,

ശിശുവികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും, സ്ഥലവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ (ഡി സി) വകുപ്പിന്റെ 03.09.2010 ലെ നമ്പർ 39033/ഡി.സി.2/2010 തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾക്കനുസരിച്ച് അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 വൈദ്യുതി പോസ്റ്റ് ഷിഫ്റ്റിംഗ് -വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

2023-24 സാമ്പത്തിക വർഷം പോസ്റ്റ് ഷിഫ്റ്റിംഗിനായി നൽകിയ മുഴുവൻ തുകയുടെയും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം/ പേര്	സ്ഥാപനം	അടങ്കൽ തുക (₹)	ബിൽ നം.	ചെലവഴിച്ച തുക (₹)	വിനിയോഗിച്ച തുക (₹)	അവശേഷിക്കുന്ന തുക (₹)
11/24 വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	കെ.എസ്.ഇ.ബി.	2,00,000/-	ബിൽ നം 59945/19.12.23 Sanction No-330/20.2.4	84,592/-	67,047/-	17,545/-

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് എൻകയറിക്ക് (നം 12/29.11.2024) മറുപടി ലഭ്യമാക്കി. 17,545/- രൂപയുടെ തടസ്സം രേഖകൾ ഹാജരാക്കി ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 17,545/- രൂപ.
ഓഡിറ്റ് എൻകയറി നം. - 12/29.11.2024.

1-25 ഹരിതകർമ്മസേന അവലോകനം

2023 -2024 ഹരിതകർമ്മസേന പ്രവർത്തന റിപ്പോർട്ട്

അടിസ്ഥാന വിവരങ്ങൾ

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 17 വാർഡുകളിലായി 34 ഹരിതകർമ്മ സേനാംഗങ്ങളാണ് പ്രവർത്തിക്കുന്നത്. ആകെ 8321 കുടുംബങ്ങളും 1192 സ്ഥാപനങ്ങളും ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഒരു എം.സി.എഫ്, 17 വാർഡുകളിലും മിനി എം.സിഎഫുകളും ഉണ്ട്. പഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും എല്ലാ മാസവും വാതിൽപ്പടി ശേഖരണം നടത്തി അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിച്ച് പാണ്ടാസ് വേൾഡ് എക്കോ സൊല്യൂഷ്യൻ എന്ന കമ്പനിക്ക് കൈമാറുന്നു. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഐ.ഡി. കാർഡ്, യൂണിഫോം എന്നിവ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. എം.സി.എഫിൽ ഫയർ എക്സ്റ്റിംഗ്യൂഷർ സ്ഥാപിച്ചിട്ടുണ്ട്.

ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്. മാലിന്യശേഖരണ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി ഹരിതകർമ്മസേനയുടെ പ്രവർത്തനം മുൻകൂട്ടി തയ്യാറാക്കിയ ആധികാരിക കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടത്തി വരുന്നു. ഹരിതമിത്രം ആപ്ലിക്കേഷൻ വഴി സേവനങ്ങൾ യൂസർ ഫീ എന്നിവ ഡിജിറ്റലായി രേഖപ്പെടുത്തുന്നു.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

ഹരിതകർമ്മസേനയുമായി സഹകരിക്കാത്തവർക്ക് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ വീടുകളിലും സ്ഥാപനങ്ങളിലും എത്തി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പഞ്ചായത്തുതല വിജിലൻസ് സ്ക്വാഡും ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡും മാലിന്യ പരിപാലന പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ നടത്തിവരുന്നു.

തൊഴിൽ സൃഷ്ടിക്കൽ

പ്രതിമാസം ശരാശരി 13,000/-രൂപ ഒരു ഹരിതകർമ്മസേനാംഗത്തിന് വേതനമായി ലഭിക്കുന്നു.

അടിസ്ഥാനസൗകര്യ വികസനം

മികച്ച സൗകര്യങ്ങളോട് കൂടിയ എം.സി.എഫ്. ഉണ്ട്. ഹരിതകർമ്മസേനയ്ക്ക് മിനി എം.സി.എഫിൽ നിന്നും എം.സി.എഫിലേക്ക് അജൈവ മാലിന്യം എത്തിക്കുന്നതിന് വാഹനം ഉണ്ട്.

പാരിസ്ഥിതിക ആഘാതം-കൈക്കൊണ്ട നടപടികൾ

പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതിനെതിരെയും പൊതു നിരത്തിലും ജലാശയങ്ങളിലും മാലിന്യങ്ങൾ വലിച്ചെറിയുന്നതിനെതിരെയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ടുമുള്ള ലഘുലേഖകൾ വീടുകളിലും സ്ഥാപനങ്ങളിലും എത്തിച്ചിട്ടുണ്ട്. വിവിധ സ്ക്വാഡുകളുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തുന്നുണ്ട്.

പരിശീലനവും വികസനവും

എല്ലാ മാസവും പഞ്ചായത്ത് തലത്തിൽ അവലോകനയോഗം നടത്തുന്നുണ്ട്.

പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി

വീടുകളിലും സ്ഥാപനങ്ങളിലും 96% യൂസർ ഫീ ലഭ്യമാക്കുന്നുണ്ട്.

തുടർപ്രവർത്തന നിർദ്ദേശങ്ങൾ

1. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം സൂക്ഷിക്കുവാൻ താൽക്കാലിക സംവിധാനങ്ങൾ ഇനിയും ഇല്ലാത്ത ഇടങ്ങളിൽ സമയബന്ധിതമായി മിനി എം.സി.എഫ്. സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

2. "മാലിന്യ മുക്ത പഞ്ചായത്ത്" എന്ന ലക്ഷ്യത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാനായി സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

3. ഉറവിട മാലിന്യപരിപാലന ഉപാധികളിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിച്ച് ജൈവ പച്ചക്കറി കൃഷി എല്ലാ വീടുകളിലും ഹരിതകർമ്മസേനയുടെ സഹായത്തോടെ ആരംഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

4. സമയബന്ധിതമായി മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന പാണ്ടാസ് വേൾഡ് എക്കോ സൊല്യൂഷ്യൻ കമ്പനി ഏറ്റെടുക്കുകയും കരാർവ്യവസ്ഥപ്രകാരം തുക നല്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ	സർട്ടിഫിക്കറ്റ് നമ്പർ/തീയതി

	പരിശോധിച്ച തീയതി	
2022-23	27.11.24 മുതൽ 28.11.24 വരെ	കെ.എസ്.എ.കെ.എൽ.എം.പി.8/2204/24 തീയതി - 09/12/2024

4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2023-24	1120000/-	19/23-24 ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ)	1120000/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	475500/-	22/23-24 ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ് ബത്ത നൽകൽ	475500/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	1869600/-	27/23-24 ലൈഫ് ഭവന നിർമ്മാണ പദ്ധതി-എസ് സി പി	1869600/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	200163/-	87/23-24 പാലിന് സബ്സിഡി	200163/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	500000/-	ലൈഫ് ഭവന നിർമ്മാണ പദ്ധതി-എസ് സി പി	500000/-	0
ജില്ലാ പഞ്ചായത്ത്	2023-24	500000/-	27/23-24 ലൈഫ് ഭവന നിർമ്മാണ പദ്ധതി-എസ് സി പി	500000/-	0
ജില്ലാ പഞ്ചായത്ത്	2023-24	100000/-	19/23-24 ലൈഫ് ഭവന നിർമ്മാണ പദ്ധതി-ജനറൽ	100000/-	0
ജില്ലാ പഞ്ചായത്ത്	2023-24	122000/-	22/23-24 ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ് ബത്ത നൽകൽ	122000/-	0
ജില്ലാ പഞ്ചായത്ത്	2023-24	356026/-	151/23-24 63 നമ്പർ സ്മാർട്ട് അങ്കണവാടി നിർമ്മാണം	356026/-	0
ജില്ലാ പഞ്ചായത്ത്	2023-24	4467/-	87/23-24 പാലിന് സബ്സിഡി	4467/-	0
ജില്ലാ പഞ്ചായത്ത്	2023-24	313017/-	88/23-24 പാലിന് സബ്സിഡി എസ്.സി.പി	313017/-	0
കൊല്ലം കോർപറേഷൻ	2023-24	52416/-	103/23-24 വീടുകളിൽ മാലിന്യ ശേഖരണ ബിൻ ബയോ കംപോസ്റ്റർ ബിൻ	52416/-	0
കൊല്ലം കോർപറേഷൻ	2023-24	721442/-	107/23-24 റിംഗ് കമ്പോസ്റ്റ്	721442/-	0
കൊല്ലം കോർപറേഷൻ	2023-24	685922/-	125/23-24 വഞ്ചിത്തോട് നവീകരണവും സംരക്ഷണവും	685922/-	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിൻറെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കെ.എസ്.ഇ.ബി.	വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	ബിൽ നം. 59945/19.12.23 Sanction No-330/20.2.4	84,592/-	67,047/-	17,545/-
KWA	പൊതുടാപ്പുകളുടെ	എ.സി.ആർ.	3,09,682/-	1,82,381/-	1,27,301/- (പ്രോജക്ട്

	കണക്ഷൻ വിച്ഛേദിക്കൽ	ബിൽ നം. 44/27.6.23			പൂർത്തീകരിച്ച് ബാക്കി തുക പഞ്ചായത്തിന് തിരികെ നൽകിയിട്ടുണ്ട്)

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല

4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹1,24,86,230/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹
				മുതൽ	പലിശ	
		1,24,86,230/-	2,59,50,224/-	29,19,262/-	-	3,55,17,192/-

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2002-2003	3-1	2006-2007	3-12-1	എഫ്.റ്റി.എസ്. സൂപ്പർ ആനുവേഷന് ശേഷം സർവീസിൽ തുടർന്നു.	പരാമർശം നിലനിൽക്കുന്നു.

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-21	3,090/-	ശ്രീമതി ശാന്തി ആർ, വി.ഇ.ഒ.
1-22	27,808/-	ഡോ. ബിനോയി ഡി രാജ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.
1-24	17,545/-	ശ്രീ. ശ്രീരാജ് ആർ, സെക്രട്ടറി
ആകെ	48,443/-	

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം)	സ്ഥിരം മേൽവിലാസം
ശ്രീ. ശ്രീരാജ് ആർ, സെക്രട്ടറി	സെക്രട്ടറി, ഓച്ചിറ ഗ്രാമപഞ്ചായത്ത്	മാണിയംപള്ളിൽ, മരുതെക്ക്, ആലുംകടവ് പി.ഒ, കരുനാഗപ്പള്ളി
ഡോ. ബിനോയി ഡി രാജ്, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	94, ഹൈസ്ട്രീറ്റ് വില്ലാസ്, വിനായക നഗർ, കല്ലയം പി.ഒ, തിരുവനന്തപുരം
ശ്രീമതി ശാന്തി ആർ, വി.ഇ.ഒ	വി.ഇ.ഒ. മൂന്നാർ ഗ്രാമപഞ്ചായത്ത്	ശ്രീരഞ്ജിനി, ആനയടി പി.ഒ, നടുവിലേമുറി, ശൂരനാട് വടക്ക്

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1995-96	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി. 21/2/18	7
1996-97 & 1998-99	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി. 21/2/18	1
2001-2002	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	1
2002-2003	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	2
2003-2004	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	1
2004-2005	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	4
2005-2006	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	1
2007-2008	കെ.എസ്.എ.കെ.എൽ.എം.പി 8/722(1)/19 തീയതി. 29/05/2019	1
2008-2009	കെ.എസ്.എ.കെ.എൽ.എം.പി 8/722(2)/19 തീയതി.29/05/2019	3
2009-2010	കെ.എസ്.എ.കെ.എൽ.എം.പി 8/722(3)/19 തീയതി.29/05/2019	3
2015-16	കെ.എസ്.എ.കെ.എൽ.എം-പി8/അദാലത്ത് 2015-16/200/22; 22.08.22	3
2016-17	കെ.എസ്.എ.കെ.എൽ.എം-8/1976/17;25.4.2018	11
2017-18	കെ.എസ്.എ.കെ.എൽ.എം-പി8/1894/18;14/3/19-28/3/19	24
2018-19	കെ.എസ്.എ.കെ.എൽ.എം.പി8/1034/19/22/05/20	10
2019-20	കെ.എസ്.എ.കെ.എൽ.എം-പി8/1277/21, 12-11-21 /19-01-22	12
2020-21	കെ.എസ്.എ.കെ.എൽ.എം-പി8/8/1276/ 21, 19/03/2022	23
2021-22	കെ.എസ്.എ.കെ.എൽ.എം-പി8/1833/22 തീയതി 31.12.2022	എല്ലാ ഖണ്ഡികകളും
2022-23	കെ.എസ്.എ.കെ.എൽ.എം-പി8/2233/2023 തീയതി 28/12/2023	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 31-05-2024 and submitted on 01-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Oachira Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Oachira Grama Panchayat as on 31-03-2024

Date: 09/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Oachira Grama Panchayat for the Year 2023-2024.

1.Major Observations

2.Other Observations

1) The following mandatory financial statements prescribed in accounting rules are not submitted for audit.

Ratios, Notes on account.

2) Cashflow statement- Net increase/decrease in cashflow does not match with the difference between the opening

balance and closing balance of cash and cash equivalents.

3) Expenditure mentioned in the Annual financial statement varies to that in Appropriation control Registers in respect of and Maintenance fund –Non Road.

4) E-tender fee receipt included in the Annual Financial Statement is not correct.

5) Amount shown in the following registers mismatch with Annual Financial Statement.

1) Contractor`s Re-tension Register 2) Auction Deposit Register.

6) Centreal Finance Commission balance amount as pet B4 Schedule is Rs. 10,91,365/-, but the amount as per B17, bank account is Rs. 11,03,824/-.

7) The Asset Register and Stock register were not value based. So the accuracy of the value shown in the Balance Sheet and that of depreciation could not be verified.

8) Liability amount mismatch wih registers.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.